## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2444 — 9.03.2018-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ. ഷംസുദ്ദീൻ: | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ നഴ്സുമാർ അടക്കമുള്ള ജീവനക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച വിഷയം പഠിക്കുവാനായി ബലരാമൻ കമ്മിറ്റിയെയും തുടർന്ന് സ്വകാര്യ ആശുപത്രി നഴ്സുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച വിഷയം പഠിക്കുവാനായി വീരകുമാർ കമ്മിറ്റിയെയും സർക്കാർ നിയമിച്ചിരുന്നു. ടി കമ്മിറ്റികൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ വിവിധ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ട്. |
| (ബി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും, മികച്ച വേതനം ഉറപ്പുവരുത്തുന്നതിനും സ്വകാര്യ മാനേജ്മെന്റുകൾ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സ്വകാര്യ ആശുപത്രി മേഖലയിലെ മിനിമം വേതനം സംബന്ധിച്ച കരട് ശുപാർശ തയ്യാറാക്കുന്നതിനായി 19/10/2017 ൽ കൂടിയ മിനിമം വേതന കമ്മിറ്റിയിൽ ഹാജരായ തൊഴിലുടമാ പ്രതിനിധികളിൽ ഒരംഗം ഒഴികെ മറ്റെല്ലാവരും വിയോജനകുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ടി കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിലെ മിനിമം വേതനം സംബന്ധിച്ച പ്രാഥമിക വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഇതുമൂലം നഴ്സുമാർ വീണ്ടും സമരരംഗത്തേക്കിറങ്ങുവാനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (സി) മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം 2018 മാർച്ച് 31 നകം പുറപ്പെടുവിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടു വരികയാണ്. ഈ സാഹചര്യത്തിൽ നഴ്സുമാർ സമര രംഗത്തുനിന്നും പിൻമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.